(ബി) 1999-2000 വർഷത്തെ പദ്ധതിക്ക് മൊത്തം, താല്കാലിക കണക്കനുസരിച്ച്, 2946.35 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) കേന്ദ്ര നികുതികളിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കുമെന്ന് അറിയിച്ചിരുന്ന വിഹിതമായ 2117.19 കോടി രൂപ 1585.48 കോടി രൂപയായി കുറച്ചതുമൂലം പദ്ധതി നടത്തിപ്പിനു സമാഹരിക്കേണ്ടിയിരുന്ന തുകയിൽ മൊത്തം 531.71 കോടി രൂപയുടെ കുറവുണ്ടായതാണ് കാരണം. ഈ കമ്മി കുറെയേറെ നികത്തുന്നതിന് സംസ്ഥാനത്തിന്റെ സ്വന്തം വിഭവ സമാഹരണം വഴി സാധിച്ചതുകൊണ്ട് പദ്ധതി ചെലവ് ഗണ്യമായി കുറയാതെ നോക്കാൻ സാധിച്ചു.

(ഡി) 2000-2001 വർഷത്തേക്ക് 3535 കോടി രൂപ അടങ്കലുള്ള പദ്ധതി തത്വത്തിൽ പ്ലാനിംഗ് കമ്മീഷൻ അംഗീകരിച്ചെങ്കിലും വ്യക്തമായ വിഭവ ലഭ്യത കണക്കിലെടുത്ത് 3317 കോടി രൂപയുടെ 'കോർ പ്ലാനും' ബാക്കി തുക വിഭവ സമാഹരണം ഉറപ്പു വരുന്ന സാഹചര്യത്തിൽ നടപ്പിലാക്കാവുന്നതാണെന്നും ധാരണയായി.

(ഇ) ഈ വർഷത്തെ പദ്ധതി അടങ്കലിൽ (3535 കോടി രൂപ), മുൻ വർഷത്തെ അടങ്കലിനെ (3250 കോടി രൂപ) അപേക്ഷിച്ച് 8.78 ശതമാനം വർദ്ധനവാണുണ്ടായിട്ടുള്ളത്. എന്നാൽ മുൻ വർഷത്തെ പുതുക്കിയ അടങ്കലിന്റെ (3017.45 കോടി രൂപ) അടിസ്ഥാനത്തിൽ കണക്കാക്കിയാൽ ഈ വർഷത്തെ മൊത്തം അടങ്കലിൽ 17.15 ശതമാനം വർദ്ധനയും കോർപ്ലാനിൽ 9.9 ശതമാനം വർദ്ധനയുമുണ്ട്.

(എഫ്) കഴിഞ്ഞ വർഷത്തേതുമായി താരതമ്യം ചെയ്താൽ ഈ വർഷത്തെ പദ്ധതിയിൽ കുറവു വന്നിട്ടില്ല.

വിനോദസഞ്ചാര മേഖലയുടെ വികസനം

16 (*16) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. എ. തോമസ് :
ശ്രീ. റ്റി. കെ. നൗഷാദ് :
ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയുടെ സമഗ്ര വികസനത്തിനായി സ്വാകര്യ പങ്കാളിത്തത്തോടെ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ പദ്ധതികളെന്ന് വെളിപ്പെടുത്തുമോ ;

(ബി) വിനോദ സഞ്ചാര മേഖലയുടെ വികസനം ലക്ഷ്യമാക്കിയിട്ടുള്ള പ്രസ്തുത പദ്ധതികളുടെ ഇതുവരെയുള്ള പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന വിനോദസഞ്ചാര വികസന പദ്ധതികളുടെ നടത്തിപ്പ് എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സ്വകാര്യമേഖല നടപ്പാക്കി വരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്തെ കായലോരം പരമാവധി പ്രയോജനപ്പെടുത്തി വിനോദസഞ്ചാര മേഖലയെ വികസിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി താജ് ഗ്രൂപ്പുമായും, ഒബറോയ് ഗ്രൂപ്പുമായും, സംയുക്ത സംരംഭകമ്പനികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട് താജ് ഗ്രൂപ്പുമായുള്ള സംരംഭം (താജ് കേരള ഹോട്ടൽ ആന്റ് റിസോർട്ട്സ് ലിമിറ്റഡ്) താഴെ പറയുന്ന 4 ഹോട്ടലുകൾ നിർമ്മിച്ചു പ്രവർത്തിച്ചു വരുന്നു.

1. താജ് റസിഡൻസി, എറണാകുളം
2. താജ് ഗാർഡൻ റിട്രീറ്റ്, കുമരകം
3. താജ് ഗാർഡൻ റിട്രീറ്റ്, വർക്കല
4. താജ് ഗാർഡൻ റിട്രീറ്റ്, തേക്കടി

ഒബറോയ് ഗ്രൂപ്പുമായി ചേർന്നുള്ള കമ്പനി (ഒബറോയ് കേരള ഹോട്ടൽസ് ആന്റ് റിസോർട്ട് ലിമിറ്റഡ്) തേക്കടിയിൽ ഹോട്ടൽ തുടങ്ങുന്നതിനായി സ്ഥലം വാങ്ങിയിട്ടുണ്ട്. പാതിരാമണൽ ദ്വീപും ബേക്കൽ ടൂറിസം പദ്ധതിയിൽപ്പെടുന്ന 5-ാം നമ്പർ റിസോർട്ട് സൈറ്റും ഈ സംയുക്ത സംരംഭം വഴി വികസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ വേളിയിൽ സ്വകാര്യ പങ്കാളിത്തത്തോടെ അമ്യൂസ്മെന്റ് പാർക്ക്, മിനി ട്രെയിൻ എന്നിവ ഏർപ്പെടുത്താനും നടപടികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത കമ്പനികളുടെ പ്രവർത്തനം സർക്കാർ കാലാകാലങ്ങളിൽ വിലയിരുത്തുന്നുണ്ട്. താജ് ഗ്രൂപ്പുമായുള്ള സംയുക്ത സംരംഭം ഇപ്പോൾ ലാഭകരമായല്ല പ്രവർത്തിക്കുന്നത്. ബാലാരിഷ്ടതകൾ നീക്കി പ്രവർത്തനം ലാഭകരമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും അവ പ്രാവർത്തികമാക്കുന്നതിന് നടപടികളെടുക്കുകയും ചെയ്യുന്നുണ്ട്.

(സി) സർക്കാരിന്റെ മൂലധനനിക്ഷേപത്തിനുള്ള പരിമിതികൾ കണക്കിലെടുത്ത് സ്വകാര്യ സംരംഭകരുടെ സഹകരണത്തോടെ ഈ മേഖലയിൽ കൂടുതൽ നിക്ഷേപം ഉണ്ടാക്കാനാവശ്യമായ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. താജ് ഗ്രൂപ്പുമായുള്ള സംയുക്ത സംരംഭത്തിന് പദ്ധതിക്കാവശ്യമായ സ്ഥലവും അവിടെയുണ്ടായിരുന്ന കെട്ടിടങ്ങളും ദീർഘകാലപ്പാട്ട വ്യവസ്ഥയിൽ നല്കുകയുണ്ടായി. ഇതേ വ്യവസ്ഥയിൽ തന്നെയാണ് ഒബ്റോയ് ഗ്രൂപ്പുമായുള്ള സംയുക്ത സംരംഭം വഴി പാതിരാമണലിലും ബേക്കലിലും പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly

ആവിഷ്ക്കരിച്ച് നടപ്പാക്കാൻ തീരുമാനമായിട്ടുള്ളത്. വേളിയിൽ Build-own-Operate-Maintain വ്യവസ്ഥയിൽ പദ്ധതി നടപ്പാക്കാനായി സ്ഥലം പാട്ടത്തിന് നല്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) കായലോര ടൂറിസം വികസന പദ്ധതികളുടെ ഭാഗമായി പമ്പ-കുട്ടനാട് പ്രദേശത്ത് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി തയ്യാറായിക്കഴിഞ്ഞു. ഇതിന്റെ ഭാഗമായി ആലപ്പുഴ, പള്ളാതുരുത്തി, കോതറത്തോട്, നെടുമുടി, വട്ടക്കായൽ എന്നീ സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ കായൽ ടൂറിസം വികസന പദ്ധതികളുടെ ഭാഗമായി ആലപ്പുഴയിലും തണ്ണീർമുക്കത്തും ഓരോ ബോട്ട് ടെർമിനുലുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. കായൽ തീരങ്ങളിൽ ഒരു സമഗ്ര സൈനേജ് പദ്ധതി ഈ വർഷം നടപ്പിൽ വരുത്തുന്നതിനും ബാക്ക് വാട്ടർമാപ്പ് പുറത്തിറക്കുന്നതിനും നടപടി ആരംഭിച്ചിട്ടുണ്ട്. ആറന്മുള, കായംകുളം, ആലുംകടവ് എന്നിവിടങ്ങളിൽ കായലോര വിശ്രമ കേന്ദ്രങ്ങളുടെ നിർമ്മാണം ധൃതഗതിയിൽ നടന്നു വരുന്നു. കായൽ ടൂറിസം വികസന പദ്ധതികൾ ഉത്തരകേരളത്തിലേക്കും വ്യാപിപ്പിക്കുന്നതിനും ഹൗസ് ബോട്ടുകൾ നിർമ്മിക്കുന്നതിനുമുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം-കൊല്ലം ജലപാത പുനരുദ്ധാരണ പദ്ധതിയിലും ടൂറിസം വകുപ്പ് പങ്കു ചേർന്നിട്ടുണ്ട്.

റേഷൻ സാധനങ്ങളുടെ സബ്സിഡി

17 (*17) ശ്രീ. ജോസ് ബേബി :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. പി. രാജു :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ സാധനങ്ങളുടെ സംസ്ഥാന സബ്സിഡി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം റേഷൻ സാധനങ്ങൾക്ക് എന്ത്മാത്രം വീതം സബ്സിഡി നല്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിൽ ഏതെല്ലാം റേഷൻ സാധനങ്ങൾക്ക് എത്രമാത്രം സബ്സിഡി ഇപ്പോൾ സംസ്ഥാന ഗവൺമെന്റ് നൽകി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) റേഷൻ സാധനങ്ങൾ കൂടാതെ മറ്റ് നിത്യോപയോഗ സാധനങ്ങൾ റേഷൻ കടകൾ വഴി വിറ്റഴിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly